### (76.) പുതുക്കുളം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

മലങ്കരയുടെ സൂര്യതേജസ്സായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ തൃക്കരങ്ങളാൽ 1961 ആഗസ്റ്റ് 15 തീയതി ശിലാസ്ഥാപനം നിർവഹിക്കപ്പെട്ട് നിർമാണം പൂർത്തിയാക്കി ദൈവജനങ്ങൾക്ക് പ്രാർത്ഥിക്കുവാനായി തുറന്നുകൊടുത്ത പുതുക്കുളം സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദേവാലയിന്റെ പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിയത്, നാട്ടുകാരും വീട്ടുകാരും ഒന്നടങ്കം സ്നേഹത്തോടുകൂടി മുത്തച്ചൻ എന്ന് വിളിച്ചിരുന്ന വന്ദ്യ ശാമുവേൽ ശങ്കരത്തിലച്ചന്റെ തീഷ്ണമായ പ്രേഷിതപ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്. 1960 കാലഘട്ടത്തിൽ തേക്കുവിളയിൽ ശ്രീ കോരുതിന്റെ ഭവനത്തിൽ ആരംഭിച്ച ശുശ്രൂഷകൾ തദ്ദേശീയരായ ശ്രീ. തേക്കുവിളയിൽ കോരുത്; മണ്ണിൽപീടികയിൽ ശ്രീ മത്തായി വറുഗീസ്, മേലേപറമ്പിൽ ശ്രീ മത്തായി, കാവുങ്കമണ്ണിൽ ശ്രീ സ്കറിയ, ശ്രീ ജോർജ്, കോട്ടകൽ ശ്രീ പാപ്പച്ചൻ, ശ്രീ കെ.വി. ആന്റണി, മാരാപറമ്പിൽ ശ്രീ. ബഞ്ചമിൻ തുടങ്ങിയ ആദ്യകാല വിശ്വാസികളുടെ അശ്രാന്ത പരിശ്രമഫലമായി, മെത്രാപ്പോലീത്ത തിരുമേനിയുടെ അനുഗ്രഹാശിസ്സുകളോടു കൂടി കോയിക്കൽ ശ്രീ. നാണുനായരുടെ 25 സെന്റ് സ്ഥലം വിലയ്ക്ക് വാങ്ങി അതിലൊരു ചാപ്പൽ പണികഴിപ്പിച്ച് ഏകദേശം രണ്ട് വർഷത്തോളം ആ ചാപ്പലിൽ വി.കുർബാന അർപ്പിക്കുകയും, അതോടുചേർന്ന് ഒരു കുരിശടി പണിയുകയും ചെയ്യുകയുണ്ടായി. ആ കാലഘട്ടിൽ ആറോ ഏഴോ കുടുംബങ്ങൾ മാത്രമാണ് ഇടവകയിൽ അംഗങ്ങളായി ഉണ്ടായിരുന്നത്. കുറെക്കൂടി സൗകര്യപ്രദമായി കാര്യാട്ട് കുടുംബക്കാരോട് 40 സെന്റ് സ്ഥലം വാങ്ങുകയും ചാപ്പലിരിക്കുന്ന സ്ഥലം മണ്ണിൽ ശ്രീ. ജോണിന് വിൽക്കുകയും ചെയ്തു. പുതുതായി വാങ്ങിയ സ്ഥലാണ് ഇന്ന് നിലനിൽക്കുന്ന ദൈവാലയം പണികഴികിച്ചിട്ടുള്ളത്. പള്ളിയിലേക്ക് കടന്നുവരുന്ന വഴി വട്ടറ ശ്രീ. ഗോപാലപിള്ളയുടെയും മണ്ണിൽ ശ്രീ. ബേബിയുടെയും കൂടി ഔദാര്യമായി ആവശ്യാനുസരണം വീതിയുള്ള റോഡ് നിർമ്മിക്കുന്നതിനും പിന്നീട് സാധിച്ചു.

ദൈവാലയനിർമ്മിതിക്കുശേഷം ഹാരിസൺ മലയാളം പ്ലാന്റേഷനിൽ ജോലി ചെയ്തിരുന്ന ധാരാളം ആളുകൾ മുത്തച്ചനിൽ നിന്നും സത്യവിശ്വാസം സ്വീകരിച്ച് പരിശുദ്ധ കാത്തോലിക്കാ സഭയിലേക്ക് ചേരുകയും ഈ ഇടവകാംഗങ്ങളായി തീരുകയും ചെയ്തിരുന്നു. ദൈവാലയം ആയതിന് ശേഷം ആദ്യമായി ഒരു ശവസംസ്കാരം ആവശ്യമായി വന്നപ്പോൾ തദ്ദേശവാസികളായ ഇതരസമുദായ മതവിശ്വാസികൾ അതിനെതിരായി ശക്തമായി രംഗത്ത് വരികയും എതിർപ്പ് പ്രകടിപ്പിക്കുകയും ഉണ്ടായി എന്നത് ചരിത്രസത്യമാണ്. ആ പ്രതിസന്ധി തരണം ചെയ്യുന്നതിന് പ്രാർത്ഥനയുടെ ശക്തി കുടെയുണ്ടായിരുന്നു എന്ന് പഴമക്കാർ ഇപ്പോഴും സാക്ഷ്യപ്പെടുത്തുന്നു. അതുപോലെ കുരിശടി സംബന്ധമായും വ്യവഹാരപ്രശ്നങ്ങളിൽ ഏർപ്പെടേണ്ട ദുരനുഭവവും ഇടവകാംഗങ്ങൾക്ക് ഉണ്ടായിയെങ്കിലും നല്ലവരായ നാട്ടുകാരുടെയും വന്ദ്യ വൈദീകരുടെയും ശ്രമഫലമായി ആവകകാര്യങ്ങളും രമ്യമായി പരിഹരിക്കുവാൻ സർവശക്തൻ ഇടവകയെ സഹായിച്ചു.

**ഇടവകയിൽ ശുശ്രൂഷ ചെയ്ത വൈദീകർ**

1. ഫാ. ശാമുവേൽ ശങ്കരത്തിൽ - (1959 - 1991)
2. ഫാ. തോമസ് പൊന്മേലിൽ
   സഹായി; ഫാ. സെബാസ്റ്റ്യൻ ആമ്പശേരിൽ - (1991 - 1992)
3. ഫാ. ജോഷ്വാ പീടികയിൽ - (09/1992 - 11/1992)
4. ഫാ. ജോസഫ് വടക്കേക്കൂറ്റ് - (11/1992 - 09/1993)
5. ഫാ. സഖറിയാസ് നെടിയകാലായിൽ
   സഹായി: ഫാ ഡാനിയേൽ കുളങ്ങര - (09/1993 - 11/1994)

6. ഫാ. ജോൺസൺ പുതുവേലിൽ - (11/1994 - 01/1996)

7. ഫാ. ജോസഫ് കളവിളയിൽ - (01/1996 - 04/2001)

8. ഫാ. ജയിംസ് ഇലഞ്ഞിക്കൽ - (04/2001 - 06/2001)

9. ഫാ. ആന്റോ കണ്ണംകുളം - (06/2001 - 08/2006)

10. ഫാ. തോമസ് മരോട്ടിമൂട്ടിൽ - (08/2006 - 05/2008)

11. ഫാ. സഖറിയാസ് പുഷ്പവിലാസം - (25/05/2008 - 18/04/2010)

12. ഫാ. ജൂബി കുഴിനാംപുറത്ത് - (18/04/2010 - 22/05/2011)

13. ഫാ. സാമുവൽ ചരിവുപറമ്പിൽ - (22/05/2011 - 12/05/2013)

14. ഫാ. അലക്സാണ്ടർ കല്ലുകാലായിൽ - (12/05/2013 - 31/05/2014)

15. ഫാ. വറുഗീസ് വിളയിൽ - (31/05/2014 - 30/08/2019)

16. ഫാ. ജോൺസൺ പാറക്കൽ

സഹായി: ഫാ. മാത്യു പുതുപ്പറമ്പിൽ - (30/08/2019 - 20/06/2020)

17. ഫാ. ബ്ലസൻ മാത്യു ഒ.ഐ.സി. - (20/06/2020)-

**ജൂബിലി ആഘോഷം / ദേവാലയ നവീകരണം**

2012 ജനുവരി 29ന് ഇടവക അതിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ചു. അതിനുമുമ്പായി പള്ളി കെട്ടിടത്തിന് ആവശ്യമായ പുനരുദ്ധാരണ ജോലികൾ സാമുവൽ ചരിവുപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ നടത്തി. രൂപതാ മെത്രാപ്പോലീത്ത യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് ജൂബിലി ആഘോഷങ്ങളിൽ പ്രത്യേകമായ വി. കുർബാന അർപ്പിച്ച്, ഇടവകാംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച് അനുഗ്രഹിച്ചു.

ഇടവകയുടെതായി 4 കുരിശടികളാണ് ഉള്ളത്. 29-ലും, ബാലവാടിയിലും, പള്ളിപ്പടിയിലുമാണ് 3 കുരിശടികൾ. ചെങ്ങറ തോട്ടിലുണ്ടായിരുന്ന 4-മത്തെ കുരിശടിയിലേക്കുള്ള യാത്രാസൗകര്യം ഇല്ലാതായതുകാരണം കുരിശടി വിശ്വാസികൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. അതിൽ ബാലവാടി കുരിശടി 2020 മെയ് മാസത്തിൽ പുതുതായി പണികഴിപ്പിച്ച് ആശിർവദിക്കപ്പെട്ടിട്ടുള്ളതാണ്. 40 കുടുംബങ്ങളാണ് ഇപ്പോൾ ഈ ഇടവകയിലുള്ളത്. എം.സി.വൈ.എം., എം.സി.എ., വിശ്വാസപരിശീലനം, മാതൃവേദി, വിൻസന്റ്. ഡി. പോൾ സൊസൈറ്റി, പ്രാർത്ഥനയോഗങ്ങൾ എന്നിവഭംഗിയായി നടന്നുവരുന്നു.

പുതുക്കുളം ഇടവകമക്കളായ സി. നിത്യാ ഫ്രാൻസിസ് ഡി.എം., സി. റോസി എസ്.ഐ.സി., സി. ജൂലിയറ്റ് എസ്.ഐ.സി., എന്നീ സന്യസ്തർ സഭയുടെ വിവിധ മേഖലകളിൽ ശുശ്രൂഷ ചെയ്യുന്നു.

പരിശുദ്ധ ദൈവമാതാവിന്റെയും വി.ഗീവർഗ്ഗീസ് സഹദായുടെയും തിരുനാളുകൾ ഒന്നിച്ച് ഏപ്രിൽ മാസത്തിന്റെ അവസാന ആഴ്ച്ച ആഘോഷമായി ഇടവക ആചരിച്ചു വരുന്നു. സഭ നിഷ്ക്കാർഷിക്കുന്ന എല്ലാ ശുശ്രൂഷകളും ഭംഗിയായി ഇടവക വികാരിയുടെ നേതൃത്വത്തിൽ നടത്തി വരുന്നു. പുതുക്കുളം ദേവാലയിലെ എല്ലാ ഇടവകാംഗങ്ങളും ഏകോദര സഹോദരങ്ങളെ പോലെ കഴിഞ്ഞു വരുന്നത് തമ്പുരാന്റെ വലിയ കൃപയും വിശുദ്ധരുടെ പ്രത്യേക പ്രാർത്ഥനയും മൂലമാണ്. ഇടവക മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയിന്റെയും സകല വിശുദ്ധരുടെയും മദ്ധ്യസ്ഥതയിൽ പ്രയാസമേറിയ ഈ കാലഘട്ടിലും ഇടവകയ്ക്ക് ആത്മീയമായും ഭൗതികമായും വളരുവാൻ കഴിയുന്നതിൽ ദൈവിന് നന്ദി പറയുകയും ചെയ്യുന്നു.